# OVBS at St Mary's Indian Orthodox Cathedral, Melbourne.




മെൽബൺ: മലങ്കര ഓർത്തഡോക്സ് സഭയുടെ 2015-ലെ അവധിക്കാല ബൈബിൾ ക്ലാസ്സുകളായ ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ (ഓ.വി.ബി.സ്) സെപ്റ്റംബർ 22-23-24 തിയതികളിൽ മെൽബൺ സെ. മേരിസ് ഓർത്തഡോക്സ് കതീഡ്രലിൽ നടന്നു. "ദൈവം ആത്മാവാകുന്നു" (യോഹന്നാൻ 4:24) എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. സമാപന ദിവസമായ 27ന്, അസിസ്റ്റന്റ് വികാരി ഫാ. ഫെർഡിനാൻഡ് പത്രോസ് കാർമ്മികനായിരുന്ന വി. കുർബാനക്ക് ശേഷം നടന്ന സമ്മേളനത്തിൽ വികാരി ഫാ. ഷിനു കെ തോമസ് അദ്ധ്യക്ഷത വഹിച്ചു.

100ൽ പരം കുട്ടികളേയും, 30 ഓളം അധ്യാപകരേയും ഉൾപെടുത്തി മൂന്നു ദിവസങ്ങളിലായി രാവിലെ 9-മണി മുതൽ വൈകുന്നേരം 4-മണി വരെയാണ് ക്ലാസ്സുകൾ ക്രമീകരിക്കപെട്ടത്. കുട്ടികളുടെ കലാപരിപാടികളും, വർണ്ണ ശബളമായ റാലിയോടും കൂടി ഓ.വി.ബി.സ് സമാപിച്ചു.